" ഭരണഭാഷ-മാതൃഭാഷ "

<u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: **Dr.** അരുൺ.എസ് നായർ **IAS**)

ഉത്തരവ് നം. **SJD/1564/2022-E5** തിരുവനന്തപുരം,
തീയതി. **14-04-2025**

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- സീനിയർ ക്ലാർക്ക് ശ്രീ.ജോസി ജോർജ്ജിനെതിരെ സ്വീകരിച്ച് വരുന്ന അച്ചടക്കനടപടി- ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് പ്രാഥമിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
**1.**സ.ഉ.(സാധാ) നം.**268/06/**സാക്ഷേവ. തീയതി.**29/06/2006.**

**2.**സ.ഉ.(സാധാ) നം. **283/2011/**സാക്ഷേവ. തീയതി.**05/08/2011.**

**3.**സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ **08/12/2016** ലെ ഇ**4-25891/16** നം ഉത്തരവ്.

**4.**ശ്രീ.ജോസി ജോർജ്ജിന്റെ **21/06/2021**-ലെ അവധി അപേക്ഷ

**5.**സ.ഉ.(അച്ചടി) നം.**152/2020/**ധന തീയതി.**05/11/2020.**

**6.**ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ **30.12.2020** തീയതിയിലെ **83/2020** ധന സർക്കുലർ.

**7.**കോട്ടയം പ്രോഗ്രാം ഓഫീസറുടെ **2/07/2021** തീയതിയിലെ പി.ഒ.കെ/**1023/2021** നം കത്ത്.

**8.**ശ്രീ.ജോസി ജോർജിന്റെ **16/07/2021** ലെ അപേക്ഷ.

**9.**കോട്ടയം പ്രോഗ്രാം ഓഫീസറുടെ **20/07/2021** തീയതിയിലെ പി.ഒ.കെ/**1023/2021** നം കത്ത്.

**10.**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ **31/08/2021, 9/2/2022** എന്നീ തീയതികളിലെ **SJD/1881/2021-E2** നം കത്തും, ഓർമ്മക്കുറിപ്പും

**11.**കോട്ടയം പ്രോഗ്രാം ഓഫീസറുടെ **17/11/2021** തീയതിയിലെ പി.ഒ.കെ/**1401/2021** നം. കത്ത്.

**12.**കോട്ടയം പ്രോഗ്രാം ഓഫീസറുടെ **16/02/2022** തീയതിയിലെ പി.ഒ.കെ/**1023/2021** നം. കത്ത്.

**13.**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ **19/04/2022** തീയതിയിലെ **SJD/1564/2022-E5** നം കത്ത്.

**14.**വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ **24/01/2024** തീയതിയിലെ **DWCD/7276/2023-E4** നം കത്ത്.

**15.**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ **12/04/2024** തീയതിയിലെ **SJD/1564/2022-E5** നം കുറ്റപത്രവും കുറ്റാരോപണ പത്രികയും

**16.**കോട്ടയം പ്രോഗ്രാം ഓഫീസറുടെ **30/10/2024** തീയതിയിലെ പി.ഒ.കെ/**1023/2021** നം കത്ത്.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോട്ടയം പ്രോഗ്രാം ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ പരാമർശം (1), (2), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ **2006** ജൂലൈ മുതൽ **15** വർഷം ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീ.ജോസി ജോർജ്ജിന്റെ ശൂന്യവേതനാവധി കാലയളവ് **25/07/2021**-ന് അവസാനിയ്ക്കുകയുണ്ടായി. ശ്രീ.ജോസി ജോർജ്ജ്

വീണ്ടും 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) സർക്കാർ ഉത്തരവിന്റെയും പരാമർശം (6) സർക്കുലറിന്റെയും അടിസ്ഥാനത്തിൽ നിരസിച്ച് 26/07/2021-ന് വകുപ്പ് മേധാവി മുൻപാകെ ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (7) പ്രകാരം കോട്ടയം പ്രോഗ്രാം ഓഫീസർ ശ്രീ.ജോസി ജോർജ്ജിന് കത്ത് നൽകുകയുണ്ടായി. ശ്രീ.ജോസി ജോർജ്ജ്; കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദേശത്തു നിന്നും യാത്ര ചെയ്ത് സർവ്വീസിൽ പുനഃപ്രവേശിക്കുന്നത് ദുഷ്കരമാണെന്നും ആയതിനാൽ 6 മാസം കൂടി സാവകാശം അനുവദിയ്ക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (8) പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ കോട്ടയം പ്രോഗ്രാം ഓഫീസർ പരാമർശം (9) പ്രകാരം ബഹു.വനിതശിശു വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയുമുണ്ടായി.

വകുപ്പ് വിഭജനത്തെ തുടർന്ന് ക്ലാർക്ക് തസ്തികയിൽ ഇരു വകുപ്പുകളിലും ഉൾപ്പെട്ടിട്ടില്ലാത്തതും ഓപ്ഷൻ സമർപ്പിക്കാതെ അവധിയിലുള്ളതും അച്ചടക്ക നടപടി നേരിടുന്നവരുമായ ജീവനക്കാരെ പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് ഇരുവകുപ്പുകളിലും ഉൾപ്പെട്ടിട്ടില്ലാത്ത ക്ലാർക്ക് തസ്തികയിലെ ജീവനക്കാരെ കേഡർ സ്ട്രെങ്ങ്തിന് ആനുപാതികമായി ക്രമീകരിക്കുന്നതിന് ഇരു വകുപ്പിലേയും എസ്റ്റാബ്ലിഷ്മെന്റ് തലത്തിൽ മീറ്റിംഗ് നടത്തി തീരുമാനം കൈകൊള്ളണമെന്ന യോഗ തീരുമാനം മുൻനിറുത്തി കോട്ടയം പ്രോഗ്രാം ഓഫീസിൽ നിന്നും ശൂന്യവേതനാവധിയിൽ പ്രവേശിച്ചതും അവധി കാലയളവ് കഴിഞ്ഞതുമായ ശ്രീ.ജോസി ജോർജ്ജിനെ സാമൂഹ്യനീതി വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് പരാമർശം (10) പ്രകാരം കോട്ടയം പ്രോഗ്രാം ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി. ശ്രീ.ജോസി ജോർജ്ജിന് അടിയന്തിരമായി തിരികെ ജോലിയിൽ പ്രവേശിയ്ക്കണമെന്ന നിർദ്ദേശം നൽകി കോട്ടയം പ്രോഗ്രാം ഓഫീസർ കത്ത് രജിസ്റ്റേർഡ് തപാലിൽ അയച്ചെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ ലഭിയ്ക്കുകയുണ്ടായിയെന്ന് പരാമർശം (11) പ്രകാരവും, ഇതേ തുടർന്ന് പ്രസ്തുത കത്ത് ടിയാന് ഇ.മെയിൽ മുഖേന അയച്ചു നൽകിയെങ്കിലും ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ നൽകുകയോ, പ്രോഗ്രാം ഓഫീസിൽ ഹാജരാകുകയോ ചെയ്തിട്ടില്ലായെന്ന് പരാമർശം (12) പ്രകാരവും കോട്ടയം പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പരാമർശം (5) ഉത്തരവ് പ്രകാരം 05/11/2020 തീയതി പ്രാബല്യത്തിൽ ശൂന്യവേതനാവധിയുടെ കാലയളവ് 20 വർഷം എന്നത് 5 ആയി ചുരുക്കുകയും പരാമർശം (6) പ്രകാരം ശൂന്യവേതാവധി അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ പരാമർശം (6) സർക്കുലർ നിർദ്ദേശം (1) ൽ കെ.എസ്. ആർ. ഭാഗം ഒന്ന് അനുബന്ധം XII-A, XII-C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി അഞ്ചു വർഷമായും അവധി അവസാനിക്കുന്ന മുറയ്ക്ക്, അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന പക്ഷം കെ.എസ്.ആർ ഭാഗം ഒന്ന് അനുബന്ധം XII-A. ചട്ടം 9 / XII- C, ചട്ടം 10 പ്രകാരം ജീവനക്കാരനെതിരെ അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം 3 ൽ അഞ്ച് വർഷത്തിലധിക കാലയളവിലേയ്ക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 തീയതിയ്ക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കുവാനും നിർദ്ദേശം 4-ൽ കെ.എസ്. ആർ. ഭാഗം ഒന്ന് അനുബന്ധം XII-A പ്രകാരമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020-ന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ, അപേക്ഷകൻ തൊഴിൽദാതാവുമായി ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള പക്ഷം കരാറിന്റെ പകർപ്പ് സഹിതം ഉചിതമാർഗ്ഗേന വകുപ്പ് തലവന്റെ വ്യക്തമായ ശുപാർശയോടെ സർക്കാരിലേയ്ക്ക് ലഭ്യമാക്കുവാനും നിർദ്ദേശിച്ചിരുന്നു.

ശ്രീ.ജോസി ജോർജ്ജ് അവധി ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ 21/06/2021-നാണ് കോട്ടയം പ്രോഗ്രാം ഓഫീസിൽ ലഭ്യമായിട്ടുള്ളത്. പരാമർശം (6) സർക്കുലറിന്റെ അടിസ്ഥാനത്തിൽ കോട്ടയം പ്രോഗ്രാം ഓഫീസർ ശ്രീ.ജോസി ജോർജ്ജിന്റെ അപേക്ഷ നിരസിച്ച വിവരം ടിയാളെ അറിയിക്കുകയും പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിനെ തുടർന്ന് ശ്രീ.ജോസി ജോർജിനോട് ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശം നൽകിയും ജോലിയിൽ പ്രവേശിക്കാത്ത പക്ഷം കെ.എസ്.ആർ ഭാഗം 1 അനുബന്ധം XIIA, ചട്ടം 9 /XIIC, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി കൈ ക്കൊണ്ട് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന വിവരം കോട്ടയം പ്രോഗ്രാം ഓഫീസർ മുഖേന ശ്രീ.ജോസി ജോർജിനെ അറിയിയ്ക്കുന്നതായി രജിസ്റ്റേർഡ് ആയി കത്ത് അയച്ചുവെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ ലഭിച്ചതായും, പ്രസ്തുത വിവരം ഇമെയിൽ മുഖേന ശ്രീ.ജോസി ജോർജിനെ അറിയിച്ചതായും കോട്ടയം പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാമർശം (5) ഉത്തരവിന്റെയും, പരാമർശം (6) സർക്കുലറിന്റെയും അടിസ്ഥാനത്തിൽ ശ്രീ.ജോസി ജോർജ്ജിനെതിരേ അച്ചടക്കനടപടി സ്വീകരിയ്ക്കേണ്ട സാഹചര്യത്തിൽ ശ്രീ.ജോസി ജോർജ്ജ് ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോയെന്നും, കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദേശത്തു നിന്നും യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ടാണെന്നും ആയതിനാൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് 6 മാസം കൂടി സാവകാശം അനുവദിയ്ക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരാമർശം (13) പ്രകാരം വനിത ശിശു വികസന ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. കോവിഡ്-19 സാഹചര്യത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് 6-മാസം സാവകാശം ആവശ്യപ്പെട്ട് ശ്രീ.ജോസി ജോർജ്ജ് സമർപ്പിച്ച അപേക്ഷയിന്മേൽ ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകി ഉത്തരവുകൾ യാതൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലായെന്നും ടിയാൻ നാളിതു വരെ ജോലിയിൽ പ്രവേശിക്കുകയോ, പ്രവേശിയ്ക്കാതിരിക്കുന്നതിനുള്ള കാരണം അറിയിയ്ക്കുകയോ ചെയ്തിട്ടില്ലായെന്ന് പരാമർശം (14) പ്രകാരം വനിതാശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന ശ്രീ.ജോസി ജോർജ്ജിനെതിരേ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ്, 1960 ലെ റൂൾസ് 11 (1) (vii) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (15) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും തയ്യാറാക്കി ടിയാന് നൽകുന്നതിനായി വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം രജിസ്റ്റേർഡ് ആയും, ഇ-മെയിൽ മുഖേനയും അയച്ചു നൽകുകയുണ്ടായി. രജിസ്റ്റേർഡ് തപാൽ ട്രാക്ക് ചെയ്തതിൽ നിന്നും പ്രസ്തുത കുറ്റപത്രവും കുറ്റാരോപണ പത്രികയും വിലാസക്കാരൻ കൈപ്പറ്റിയതായി വിവരം ലഭ്യമായിട്ടുണ്ടെങ്കിലും നാളിതുവരെയും ടിയാൻ ആയത് കൈപ്പറ്റിയതായി അറിയിക്കുകയോ, പ്രതിവാദ പത്രിക സമർപ്പിക്കുയോ ചെയ്തിട്ടില്ലായെന്ന് പരാമർശം (16) പ്രകാരം കോട്ടയം പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.ജോസി ജോർജ്ജ്, സീനിയർ ക്ലാർക്കിനെതിരെ ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ പരാമർശം (6) സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ്. 1960-ലെ റൂൾസ് 11 (1) (vii) പ്രകാരം സ്വീകരിച്ച അച്ചടക്കനടപടി ജീവനക്കാരനെ സർവീസിൽ നിന്നും നീക്കം ചെയ്തതായി തീർപ്പുകൽപ്പിച്ച് പ്രാഥമിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.ജോസി ജോർജ്ജിന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ്

കൈപ്പറ്റി 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം മറുപടി ലഭ്യമാകാത്ത പക്ഷം ടി വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതാണ്.

Signed by
Arun S Nair
Date: 14-04-2025 13:21:12

Dr. അരുൺ എസ് നായർ IAS
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ശ്രീ.ജോസി ജോർജ്ജ്
സീനിയർ ക്ലാർക്ക്
എടത്തിൽ,
പെരുമ്പായിക്കാട്.പി.ഒ
കോട്ടയം.

(രണ്ട് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഒന്നിൽ ഒപ്പ് രേഖപ്പെടുത്തി മടക്കി നൽകേണ്ടതാണ്.)

<u>പകർപ്പ് :</u>

1. ഡയറക്ടർ, വനിതാശിശുവികസന വകുപ്പ് (ആമുഖ കത്ത് സഹിതം)
2. പ്രോഗ്രാം ഓഫീസർ, ഐ സി ഡി എസ് സെൽ ,കോട്ടയം
3. സൂപ്രണ്ട്, എഫ് സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. ഡയറക്ടറുടെ സി.എ-യ്ക്ക്
5. ഇ2 & ഇ4 സീറ്റ്
6. സ്റ്റോക്ക് ഫയൽ/ സ്പെയർ